നം.കെ.എസ്.എ-കെ.ടി.എം.പി**4/1840/16** തീയതി:**5.12.16**

**കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.06.15 മുതൽ 31.10.16തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ**)** ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി എം. വി. സിനി,ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.11.2016 മുതൽ 26.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | 1)ശ്രീമതി സുലത ഡി., ഓഡിറ്റ് ഓഫീസർ<br>2) ശ്രീ.രതീഷ് സി. ആർ. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>3)ശ്രീമതി സുധ ജേക്കബ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>4)ശ്രീമതി സ്മിത ജി നായർ.അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

ബി**)** നിർവഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ.പ്രകാശ് വടക്കേൽ 01.04.15-31.10.15<br>ശ്രീമതി മേരി. എം.റ്റി.18.11.15 – 31.03.16 |
| സെക്രട്ടറി | ശ്രീ.എൻ.കെ.അവറാച്ചൻ 1.04.15-30.05.15<br>ശ്രീ. സണ്ണി മാത്യു, |

| | |
|---|---|
| | അസിസ്റ്റന്റ് സെക്രട്ടറി-1.6.15-24.7.15 എഫ്.എൻ<br>ശ്രീ.ജോൺ കെ.തോമസ് 24.7.15- 31.03.16 |

നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. സണ്ണി മാത്യു | 1.4.15- 31.3.16 |
| കൃഷി ഓഫീസർ | ശ്രീ.എം.ഹാരിസ് | 1.4.15- 31.3.16 |
| വെറ്റിനറി സർജൻ | ഡോ.എൽസോ ജോൺ | 1.4.15- 31.3.16 |
| മെഡിക്കൽ ഓഫീസർ–അലോപ്പതി | ഡോ.പ്രിറ്റി രാജ്<br>ഡോ.ലത കെ.ജി. | 1.4.13 -31.3.14<br>1.04.14-31.03.15 |
| മെഡിക്കൽ ഓഫീസർ–ആയുർവേദം | ഡോ.മേരി എൻ.പി. | 1.4.15- 31.3.16 |
| മെഡിക്കൽ ഓഫീസർ–ഹോമിയോ | ഡോ.ധന്യ പ്രസാദ് | 1.4.15- 31.3.16 |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ.സോജൻ കെ.എസ്. | 1.4.15- 31.3.16 |
| വി.ഇ.ഒ | ശ്രീ.സുനിൽ എ.പി. | 1.4.15- 31.3.16 |
| എൽ.വി.ഇ.ഒ | ശ്രീമതി സുഷ ഹരി | 1.4.15- 31.3.16 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി അംബിക എൽ. | 1.4.15- 31.3.16 |
| ഹെഡ്മിസ്ട്രസ് | ശ്രീമതി അംബിക സി.കെ. | 1.4.15- 31.3.16 |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.സെബാസ്റ്റ്യൻ ആന്റണി | 1.4.15- 31.3.16 |

<u>റിപ്പോർട്ടിന്റെ ഉള്ളടക്കം</u>

| |
|---|
| ഭാഗം **1**<br>പൊതു അവലോകനം |
| 1.1 ബജറ്റ് |
| 1.2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1.3 സാമ്പത്തിക വിശകലനം |
| 1.4 ഫണ്ട് വിനിയോഗം |

| |
|---|
| 1.5 പദ്ധതി അവലോകനം |
| 1.6 തനതുവരുമാനം |
| 1.7 ക്ഷേമപദ്ധതികൾ |
| 1.8 ക്യാഷ് വെരിഫിക്കേഷൻ |
| 1.9 മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം **2** വരവുകണക്കുകൾ |
| 2-1 വാർഷികകണക്കുകളുടെ അവലോകനം |
| 2-2 വസ്തുനികുതിയിനത്തിൽ കുടിശ്ശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. |
| 2-3 മൊബൈൽടവറുകളുടെവസ്തുനികുതി- നികുതി നിർണയം നടത്തിയതിനുശേഷം നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല |
| 2-4 നൂറ് ച.മീറ്ററിലധികം വിസ്തീർണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നൽകി വസ്തുനികുതി നിർണയിച്ചതുമൂലം നികുതിയിനത്തിൽ നഷ്ടം |
| 2-5 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണയിച്ചു |
| 2-6 വിമുക്തഭടൻമാരുടെ ഭവനം-വസ്തുനികുതി ഇളവ് രേഖകൾ ഹാജരാക്കിയില്ല |
| 2-7-1 തൊഴിൽനികുതി |
| 2-7-2 സ്ഥാപനതൊഴിൽനികുതി |
| 2-8 (1) ലൈസൻസ് ഇല്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു |
| 2-8(2) കള്ളുഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു |
| 2-9 പ്ലാസ്റ്റിക്ക് ക്യാരി ബാഗ് ഉപയോഗം- 2016 ലെ പ്ലാസ്റ്റിക്ക് വെയ്സ്റ്റ് (മാനേജ്മെന്റ് ഹാൻഡ്ലിങ് ) റൂൾസ് നടപ്പാക്കിയില്ല |

| |
|---|
| |
| 2-10 പശ്ചിമഘട്ടവികസനപദ്ധതി- അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ അടയ്ക്കാൻ അവശേഷിക്കുന്നു. |
| 2-11 പരസ്യനികുതി പിരിക്കുന്നില്ല |
| 2-12 ഡി&ഒ ട്രേഡ് ലൈസൻസ്- മുഴുവൻ വ്യാപാരസ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല |
| ഭാഗം **3--**ചെലവുകണക്കുകൾ |
| 3-1 ഗ്രാമകേന്ദ്രങ്ങളിലേക്ക് വാങ്ങിയ ബോർഡുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല- ചെലവ് തടസ്സപ്പെടുത്തുന്നു. |
| 3-2 ആച്ചിക്കൽ സാംസ്കാരിക നിലയം- കസേര വാങ്ങൽ– കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി |
| 3-3 ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണിച്ചർ– ടെൻഡർ അംഗീകരിച്ചതിലെ അപാകതമൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തികനഷ്ടം |
| 3-4 സ്ട്രീറ്റ് ലൈൻ മെയിന്റനൻസ് പദ്ധതി- അപാകതകൾ |
| 3-5 കുടുക്കപ്പാറ വനിതാ ഉത്പാദനവിപണനകേന്ദ്രം- ചെയ്യാത്ത പ്രവൃത്തിക്ക് അനുവദിച്ച തുകയുടെ ചെലവ് നിരാകരിക്കുന്നു |
| 3-6 വനിതാ ഉത്പാദനവിപണനകേന്ദ്രത്തിന്റെ വയറിങ് പ്രവൃത്തി- ചെയ്ത അളവിലധികരിച്ച് അളവുപുസ്തകത്തിൽ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു. |
| 3-7 റോഡ് ടാറിങ്/ അനുബന്ധപ്രവൃത്തികൾ– ബിറ്റുമിന് മാർക്കറ്റ് റേറ്റിൽ അധികരിച്ച് ഷെഡ്യൂൾ നിരക്ക് അനുവദിച്ചതുമൂലം ഗുണഭോക്തൃസമിതി കൺവീനർമാർക്ക് അധികതുക നൽകി. |
| 3-8 പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട മാർഗരേഖയിലെ നിർദേശങ്ങൾ പാലിക്കുന്നില്ല. |

| |
|---|
| 3-9 പൊതുടാപ്പകളുടെ വെള്ളക്കരം |
| 3-10 വിനിയോഗസാക്ഷ്യപത്രമില്ല- തുക തടസ്സപ്പെടുത്തുന്നു |
| 3-11എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| ഭാഗം **4--**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 വായ്പ-വായ്പ തിരിച്ചടവ് |
| 4-5 സ്ഥിരനിക്ഷേപങ്ങൾ |
| 4-6 ഓഡിറ്റ് റിക്കവറി |
| 4-7സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം |
| 4-8 ഓഡിറ്റ് പ്രത്യവലോകനം |
| 4-9 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന റിപ്പോർട്ടുകൾ |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 25.3.2016 തിയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 4000000 | 12449378 | 8449378 | |
| വരവ് | 62466555 | 31998250 | | 30468305 |
| ആകെ | 66466555 | 44447628 | | 22018927 |
| ചെലവ് | 63109066 | 38196101 | | 24912965 |
| നീക്കിയിരിപ്പ് | 3357489 | 6251527 | 2894038 | |

ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എന്ട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|---|---|
| 2014-15 | 31.7.15 | 31.7.15 | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചില്ല .ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട് | |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 12449378 |
| വരവ് | 31998250 |
| ആകെ | 44447628 |
| ചെലവ് | 38196101 |
| നീക്കിയിരിപ്പ് | 6251527 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം(%) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 1238606 | 3117104 +9884 +1509136 +1068683 | 7032413 | 7032413 | | 0 | |
| വികസനഫണ്ട് എസ്.സി.പി. | 155873 | 1397293 | 1553163 | 1553166 | | 0 | |
| വികസനഫണ്ട് ടി.എസ്.പി. | 98884 | 170950 | 269834 | 170950 | 98884 | 0 | |
| സംരക്ഷണ ഗ്രാന്റ് റോഡ് | 328778 | 11322529 | 11651307 | 11651307 | - | 0 | |

| | | | | | | | |
|---|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 241633 | 1556714 | 1798347 | 1798347 | | | |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1022728 | 4119534 | 5142262 | 3633126 | 1509136 | 0 | |
| പെർഫോമൻസ് ഗ്രാന്റ് | 2196280 | 47600 | 2243880 | 1175197 | 1068683 | 0 | |
| എം.എൻ.ആർ. ഇ.ജി.എസ്. | 0 | 5336257 | 5336257 | 5334874 | 1383 | | |

## 1-5 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 41106718 | 163 | 30094017 | 4 | 21 | 86.00% |

2015-16 വാർഷിക പദ്ധതിക്ക് ഉത്തരവ് നം.490/2015/DPC/DPO/KTM തീയതി 24.06.2016 പ്രകാരം അംഗീകാരം ലഭിച്ചു.

വാർഷിക പദ്ധതി- നേട്ടങ്ങളും, കോട്ടങ്ങളും

നേട്ടങ്ങൾ

ഉല്പ്പാദനമേഖല :-

- കാർഷിക മേഖലയിൽ 4.45ലക്ഷം രൂപ വകയിരുത്തി തെങ്ങുകൃഷി വികസനത്തിനായി ആവിഷ്ക്കരിച്ച പ്രോജക്ട് വിജയകരമായി പൂർത്തീകരിച്ചു.
- മൃഗസംരക്ഷണമേഖലയിൽ പൊതുവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലുമുള്ള വനിതകൾക്കായി നടപ്പാക്കിയ ആട്ടുവളർത്തൽ പദ്ധതിക്കുവേണ്ടി വികസനഫണ്ട് 378000/- രൂപയും ഗുണഭോക്തൃവിഹിതം 6,21000/-രൂപയും ഉൾപ്പെടെ ആകെ 999000/-രൂപ ചെലവഴിച്ച് പ്രോജക്ട് നടപ്പാക്കി.
- പശ്ചിമഘട്ടവികസനപദ്ധതിക്കായി 3.62ലക്ഷം രൂപയുടെ പഞ്ചായത്ത് വിഹിതം കൈമാറിയതും ഉത്പ്പാദനമേഖലയിലെ എടുത്തുപറയത്തക്ക പ്രോജക്ടാണ്.

  സേവനമേഖല

- സേവനമേഖലയിൽ പാലിയേറ്റീവ് കെയർ പദ്ധതിക്കായി 4.5 ലക്ഷം രൂപ ചെലവഴിച്ചു.
- വിധവകൾക്കും വൃദ്ധർക്കും വീട് പുനരുദ്ധാരണത്തിനായി പ്രത്യേകമായി പ്രോജക്ടുകൾ ആവിഷ്ക്കരിച്ചു നടപ്പാക്കി.
- ശിശുസംരക്ഷണമേഖലയിൽ പൂരക പോഷകാഹാരപദ്ധതിക്കായി കേന്ദ്രവിഹിതം ഉൾപ്പെടെ 977350/-രൂപചെലവഴിച്ചിട്ടുണ്ട്.
- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിനുവേമ്ടി 4ലക്ഷം രൂപ ചെലവഴിച്ചു.

  പശ്ചാത്തലമേഖല

- വികസനഫണ്ട് 122000/-രൂപയും നബാർഡിൽനിന്നുള്ള ധനസഹായം688000/-രൂപയും വീതം

വകയിരുത്തി 4 അങ്കനവാടികളുടെ കെട്ടിടനിർമ്മാണം നല്ല രീതിയിൽ പൂർത്തീകരിച്ചു. കൂടാതെ അങ്കനവാടി കെട്ടിടങ്ങളുടെ മെയ്റ്റനൻസിനായി ആവിഷ്കരിച്ച 7 പ്രോജക്ടുകളും നടപ്പാക്കി.

- വിവിധ റോഡുകളുടെ ടാറിംഗ്,റീടാറിംഗ്,കോൺക്രീറ്റിംഗ് വിവിധ സ്കൂളുകളുടെയും അങ്കണവാടികളുടെയും മെയിന്റനൻസിനും തുക ചെലവഴിച്ചു
- പട്ടികജാതി വിഭാഗക്കാർക്ക് ഭവനപുനരുദ്ധരണം, വിവാഹധനസഹായം പ്രൊഫഷണൽ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം ,SC കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തൽ എന്നീ പ്രോജക്ടുകൾ നടപ്പാക്കി

കോട്ടങ്ങൾ

- ഉറവിടമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച രണ്ട് പ്രോജക്ടുകൾക്കും അംഗീകാരം ലഭിച്ചെങ്കിലും നടപ്പാക്കിയില്ല.
- ഗ്രാമകേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനായി വാങ്ങിയ ബോർഡുകൾ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നു.
- ബസ്സ്റ്റാറാന്റ്/'ടാക്സി സ്റ്റാന്റിനായി 25ലക്ഷം രൂപ വകയിരുത്തി അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ട് തൻവർഷവും നടപ്പാക്കിയില്ല.
- തെരുവുനായ് നിയന്ത്രണവുമായി ബന്ധപ്പെട്ട സേവനമേഖലയിൽപ്പെട്ട പ്രോജക്ട് ഉത്പ്പാദനമേഖലയിലും വിവിധ അങ്കണവാടി കെട്ടിടങ്ങളുടെയും സ്കൂൾകെട്ടിടങ്ങളുടെയും മെയിന്റനൻസുമായി ബന്ധപ്പെട്ട പശ്ചാത്തലമേഖലാ പ്രോജക്ടുകൾ സേവനമേഖലയിൽ പ്പെടുത്തിയുമാണ് വാർഷികപദ്ധതി തയ്യാറാക്കിയിട്ടുള്ളത്.
- റോഡുകൾക്ക് മെറ്റലിംഗിനും സോളിംഗിനും മാത്രമായി പ്രോജക്ട് ആവിഷ്കരിച്ചു.
- ആകെ ആവിഷ്കരിച്ച 184പ്രോജക്ടുകളിൽ 163എണ്ണ മാത്രം നടപ്പാക്കി. സ്പിൽ ഓവറായി ഉൾപ്പെടുത്തിയ 7 പ്രോജക്ടുകൾ നടപ്പാക്കിയില്ല.

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 26.7 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3861382 | 2361959 | -1499423 | -38.8 |
| നികുതിയേതര വരവുകൾ | 850730 | 1012847 | 162117 | 18.8 |
| മറ്റുവരവുകൾ | 131202 | 173588 | 42386 | 32.3 |
| ആകെ | 4843334 | 3548394 | 1294940 | -26.7 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 51360 | 26 |
| കർഷകതൊഴിലാളി പെൻഷൻ | 1119000 | 220 |

| | | |
|---|---|---|
| വിധവാപെൻഷൻ | 2888800 | 391 |
| വാർദ്ധക്യകാലപെൻഷൻ | 2451000 | 582 |
| വികലാംഗപെൻഷൻ | 929600 | 162 |
| അവിവാഹിത പെൻഷൻ | 30000 | 1 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.16 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 28259/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.10-2016, 23-10-2016 | ഒക്ടോബർ 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.09.2007 മുതൽ 15.10.2007 വരെ | 1997-98 മുതൽ 2006-07വരെ | LBA(HQ)/11 /8A-11-99/310 dtd 14.11.2007 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെഅവലോകനം

ഓഡിറ്റ് വർഷത്തെ ധനകാര്യപത്രിക നിയമപ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ലഭ്യമാക്കിയിരുന്നു.

. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (G.O(MS)152/11/LSGDdt.26.07.2011)നടപ്പാക്കിയിട്ടില്ല.

## 2-2 വസ്തുനികുതിയിനത്തിൽ കുടിശിക പിരിച്ചെടുക്കാൻ അവശേഷിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും )ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി പരിഷ്കരണം ഗ്രാമപഞ്ചായത്തിൽ അവസാനഘട്ടത്തിലാണ്. 2015-16 ലെ വാർഷിക കണക്ക് പ്രകാരം വസ്തുനികുതിയിനത്തിൽ 1846666രൂപ പിരിച്ചെടുക്കാൻ അവശേഷിക്കുന്നു. പഞ്ചായത്തിൽ ലഭിക്കേണ്ട നികുതി വരവുകൾ കൃത്യമായി പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്

## 2-3 മൊബൈൽ ടവറുകളുടെ വസ്തു നികുതി -നികുതി നിർണ്ണയം നടത്തിയതിനുശേഷം നാളിതുവരെ ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ വിവിധ വാർഡുകളിലായി വിവിധ മൊബൈൽ കമ്പനികളുടെ 9 ടവറുകൾ സ്ഥാപിച്ചിട്ടുണ്ട് ഇവയുടെ നികുതി 2013-14 സാമ്പത്തിക വർഷം പ്രാബല്യത്തിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിലും രണ്ടു ടവറുകളുടെ ഒഴികെയുള്ളവയുടെ നികുതി നാളിതുവരെയെടുക്കിയിട്ടില്ല. ടവറുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | കെട്ടിട നം. | വിസ്തീർണ്ണം | ഉടമയുടെ വിശദാംശങ്ങൾ | പഴയ നികുതി | പുതുക്കിയ നികുതി | കുടിശിക |
|---|---|---|---|---|---|---|
| 1 | 1/97 | 20.ച.മീ. | വർക്കി പോൾ,വെള്ളാശ്ശേരിൽ,ടാറ്റാ ടെലി സർവ്വീസസ് | 378 | 8000 | 10-11 മുതൽ |

| | | | | | | |
|---|---|---|---|---|---|---|
| 2 | 8/58 | 28 | മാനേജർ,റിലയൻസ് ടവർ | 168 | 15400 | 10-11 |
| 3 | 8/59 | 12 ച.മീ. | മാനേജർ,വോഡാഫോൺ | 259 | 5400 | 10-11 മുതൽ |
| 4 | 8/409 | 27 ച.മീ. | ഭാരതി കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 341 | 13500 | 10-11 മുതൽ |
| 5 | 11/313 | 9ച.മീ. | ജനറൽ മാനേജർ BSNL | 322 | 4050 | 11-12 മുതൽ |
| 6 | 13/325 | 9 ച.മീ. | ഇൻഡസ് ടവേഴ്സ് ലിമി. വങ്കാരത്ത് ടവർ | - | 4050 | 11-12 മുതൽ |
| 7 | 13/526 | 6 ച.മീ. | മാനേജർ എയർടെൽ കമ്പനി | - | 3600 | 12-13 മുതൽ |

ടവർ നടത്തിപ്പ് കമ്പനികൾക്ക് നികുതി കുടിശിക അടയ്ക്കുന്നതിന് നോട്ടീസ് നൽകിയെങ്കിലും തുക ഈടാക്കിയിട്ടില്ല കാലങ്ങളായുള്ള നികുതി കുടിശിക ഡിമാന്റ് ചെയ്യപ്പെടാത്തതിനാൽ കാലഹരണപ്പെടാൻ സാധ്യതയുണ്ട്. അപ്രകാരം ഉണ്ടാകുന്ന നഷ്ടത്തിന് കാലാകാലങ്ങളിലെ സെക്രട്ടറിമാർ ഉത്തരവാദികളാകുന്നതാണ്. എല്ലാ ടവറുകളുടേയും കുടിശികയുൾപ്പെടെയുള്ള നികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 100ചതുരശ്രമീറ്ററിലധികം വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവ ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള ആളിന്റെ വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ.കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 30രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.ഗ്രാമ പഞ്ചായത്തിലെ 05.11.2011 ലെ 3(2) നമ്പർ തീരുമാനം പ്രകാരം 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 50രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് ,വിലാസം | കെട്ടിടനം | വിസ്തീർണ്ണം (ച..മീ) | നിർണയിച്ച നികുതി | നിർണ്ണയി ക്കേണ്ടിയിരുന്ന നികുതി | നഷ്ടം |
|---|---|---|---|---|---|---|
| 1 | സൈമൺ ജോസഫ് പ്രസിഡന്റ്, മെർച്ചന്റ് ചാരിറ്റബിൾ ട്രസ്റ്റ് | 8/92A | 31.6m2 | 1138(31.6m2 @30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | 15168(252.8@ 50/m2റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%)) | |
| | | 8/92B | 31.6m2 | 1138(31.6m2@ 30റോഡിന്റെ | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |
| | | 8/92C | 31.6m2 | 1138(31.6m2@ 30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |
| | | 8/92D | 31.6m2 | 1138(31.6m2@ 30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |
| | | 8/92E | 31.6m2 | 1138(31.6m2@ 30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |
| | | 8/92F | 31.6m2 | 1138(31.6m2@ 30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |
| | | 8/92G | 31.6m2 | 1138(31.6m2 @30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |
| | | 8/92H | 31.6m2 | 1138(31.6m2 @30റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%,) | | |
| | ആകെ | | 252.8 | 9104 | 15168 | 6064 |
| 2 | ലൂക്കാ ശെമ്മാശൻ | 10/392A | 21.6m2 | 778(21.6m2@30, റോഡിന്റെ | 13590(226.5 @50/m2, റോഡിന്റെ | |

| | | | | | | |
|---|---|---|---|---|---|---|
| | പുതിയകുന്നേൽ | | | അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | |
| | | 10/392B | 12.25 | 441(12.25m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/392C | 12.25 | 441(12.25m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/392D | 12.25 | 441(12.25m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/392E | 12.25 | 441(12.25m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/392F | 25.9 | 932(25.9m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/388B | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/388C | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | വർദ്ധനവ്-20%) | | |
| | | 10/388D | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/388E | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 10/388F | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | ആകെ | | 226.5 | 8154 | 13594 | 5440 |
| 3 | Trustee,SH Church, Monippally | 13/260A | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | 17145(285.74m2 @50, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | |
| | | 13/260B | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 13/260C | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 13/260D | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ | | |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | വർദ്ധനവ്-20%) | | | |
| | | 13/260E | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | | |
| | | 13/260F | 25.74 | 927(25.74m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | | |
| | | 13/260G | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | | |
| | | 13/260H | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | | |
| | | 13/2601 | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | | |
| | | 13/260J | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | | |
| | | 13/260K | 26 | 936(26m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | ആകെ | | 285.74m2 | 10287 | 17145 | 6858 |
| 4 | Trustee, S.H.Church Monippally | 13/523A | 182.31m2 | 10939(182.31@ 50/m2,റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | 14461(241.01 @50/m2, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | |
| | | 13/523B | 17.82 | 641(17.82m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 13/523C | 17.82 | 641(17.82m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 13/523D | 17.82 | 641(17.82m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | | 13/523E | 5.25 | 189(5.25m2@30, റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ്-20%) | | |
| | ആകെ | | 241.01m2 | 13051 | 14461 | 1410 |
| | ആകെ നഷ്ടം | | | | | 19772 |

ഇപ്രകാരം ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയത് മൂലം പ്രതിവർഷം ഗ്രാമപഞ്ചായത്തിന് 19772 രൂപയുടെ നഷ്ടം ഉണ്ടാകുന്നു. ഒരേ ആളുടെ ഉടമസ്ഥതയിലുള്ള ഒരേ ആവശ്യത്തിനുപയോഗിക്കുന്ന കെട്ടിടത്തിന് വസ്തുനികുതി പ്രത്യേകമായി കണക്കാക്കിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ സൂചിത കെട്ടിടത്തിന്റെ വസ്തുനികുതി നിയമപ്രകാരമുള്ള നിരക്കിൽ പുനർനിർണയിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് സെക്രട്ടറി ഉത്തരവാദിത്തത്തോടെ നടപടികൾ സ്വീകരിക്കേണ്ടതും പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതുമാണ്.

## 2-5 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചു

100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്ന ചുവടെ ചേർക്കുന്ന കെട്ടിടത്തിന് കുറഞ്ഞ നിരക്കായ30രൂപ നിരക്കിൽ വസ്തുനികുതി നിർണയിച്ചതായി കാണുന്നു.

| കെട്ടിട നം | ഉടമയുടെ പേര്, വിലാസം | വാണിജ്യഇനം | വിസ്തീർണ്ണം (ച.മീ) | ചുമത്തിയ നികുതി/ | ചുമത്തേണ്ട നികുതി | നികുതി നഷ്ടം |
|---|---|---|---|---|---|---|
| 13/545A | Secretary Monippally Marketting Cooperative Society Ltd 4052 | ഗോഡൗൺ | 133 ച.മീ | 3591(@ 30/ ച മീ,റോഡിന്റെ സൗകര്യം,20% വർദ്ധനവ്,മേൽക്കൂര -ഇളവ് 10%,കാലപ്പഴക്കത്തിന്റെ അടസ്ഥാനത്തിൽ ഇളവ്-20%) | 5985(@ 50/ ച മീ,റോഡിന്റെ സൗകര്യം,20% വർദ്ധനവ്,മേൽക്കൂര -ഇളവ് 10%, കാലപ്പഴക്കത്തിന്റെ അടസ്ഥാനത്തിൽ ഇളവ്-20%) | 2394 |

വസ്തുനികുതി പരിഷ്കരണം അന്തിമവിജ്ഞാപനം പ്രകാരം 100 ച.മീറ്ററിൽ അധികം വിസ്തീർണമുള്ള വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ അടിസ്ഥാനനികുതി നിരക്ക് ച.മീറ്ററിന് 50രൂപയാണ്. തെറ്റായ നിരക്കിൽ നികുതി നിർണയിച്ചതുമൂലം പ്രതിവർഷം 2794 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ മേൽ കെട്ടിടത്തിന്റെ വസ്തുനികുതി നിയമപ്രകാരമുള്ള നിരക്കിൽ പുനർനിർണയിക്കേണ്ടതാണ്.

## 2-6 വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഇളവ്-രേഖകൾ ഹാജരാക്കിയില്ല

ജി.ഒ (എം.എസ്)242/2013 ത.സ്വ.ഭ.വ തീയതി.02.07.13 പ്രകാരം വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഒഴിവാക്കുന്നത് സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കേണ്ടതാണെന്നും മറ്റൊരു കെട്ടിടത്തിനും നികുതി ഇളവ് ലഭിക്കുന്നില്ല എന്ന സാക്ഷ്യപത്രം നൽകണമെന്നും അപേക്ഷകളും രേഖകളും എല്ലാ വർഷവും ഏപ്രിൽ 10 ന് മുമ്പ് നൽകേണ്ടതാണെന്നും പറയുന്നുണ്ട്. എന്നാൽ 2015-16 വർഷം ഇത്തരത്തിൽ നികുതി ഒഴിവാക്കി നൽകിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്ററും അപേക്ഷകളും അനുബന്ധ രേഖകളും ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല

## 2-7 തൊഴിൽനികുതി

**(1)**ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കാത്തത്-

ചുവടെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൻവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| കള്ളുഷാപ്പ്.T.S.No.62, ഉഴവൂർ | 1,2 |
| കള്ളുഷാപ്പ്. T.S.No.63, പയസ്മൗണ്ട് | 1,2 |
| സിവിൽ സപ്ലൈസ് കോർപ്പറേഷൻ,ഉഴവൂർ | 1,2 |
| മോനിപ്പള്ളി മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി k.4052 | 1,2 |
| ഉഴവൂർ സർവ്വീസ് സഹകരണബാങ്ക് ( വളം വിൽപന ശാഖ) | 1,2 |
| എം.യു.എം ആശുപത്രി, മോനിപ്പള്ളി | 1,2 |

**(2)**സ്ഥാപന തൊഴിൽനികുതി ഈടാക്കാത്തത്

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൻവർഷം അവയുടെ വാർഷിക ടേണോവറിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

| സ്ഥാപനം | അർദ്ധവർഷം |
|---|---|

| | |
|---|---|
| മെ.ജാക്ക് ഇൻഡസ്ട്രീസ്, ഹോളോബ്രിക്സ് നിർമ്മാണം | 1,2 |
| കള്ളുഷാപ്പ്.T.S.No.62, ഉഴവൂർ | 1,2 |
| കള്ളുഷാപ്പ്. T.S.No.63, പയസ്മൗണ്ട് | 1,2 |
| ചിറ്റേടത്ത് ഫിനാൻസിയേഴ്സ്, | 1,2 |
| ക്നാനായ മൾട്ടി സ്റ്റേറ്റ് ക്രഡിറ്റ് കോപ്പറേറ്റീവ് സൊസൈറ്റി,ഉഴവൂർ | 1,2 |
| മെഡികെയർ സെന്റർ,ഉഴവൂർ | 1,2 |
| സിവിൽ സപ്ലൈസ് കോർപ്പറേഷൻ,ഉഴവൂർ | 1,2 |

## 2-8-1 ലൈസൻസ് ഇല്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

കേരളാ പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് ചട്ടങ്ങൾ 2012, ചട്ടം-3 പ്രകാരം ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതും നടത്തുന്നതും അസഹ്യത ഉളവാക്കുന്ന പ്രവർത്തിയായിരിക്കുമെന്നതിനാൽ നിശ്ചിത എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്തുന്നതോ അഥവാ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ, ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും 1994-ലെ കേരളാ പഞ്ചായത്ത് രാജ് ആക്ട് 232 ാം വകുപ്പ് പ്രകാരം ലൈസൻസ് ആവശ്യമാണ്.

എന്നാൽ ഇതിന് വിരുദ്ധമായി ചുവടെ ചേർക്കുന്ന വ്യക്തികൾ പഞ്ചായത്ത് പരിധിയിൽ ഫാമുകൾ നടത്തുന്നുണ്ട്.

| ഫാം നടത്തുന്ന വ്യക്തിയുടെ പേരും വിലാസവും | ഇനം |
|---|---|
| സജി തോമസ്,കുളക്കാട്, പയസ്മൗണ്ട് | പൗൾട്രി ഫാം |
| സനീഷ്.എം.ജെ, ഓക്കാട്, പയസ്മൗണ്ട് | " |
| ബീറ്റ ജോസഫ്, തറയ്ക്കനാൽ, ഉഴവൂർ ഈസ്റ്റ് | " |
| ജോണി.പി.റ്റി. വാർഡ്-4 | പന്നി ഫാം |

മേൽ പറഞ്ഞ ഫാമുകൾക്ക് ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് അന്വേഷണകുറിപ്പ് (നം.16 ) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചട്ടം അനുശാസിക്കുന്ന പട്ടികകൾ പ്രകാരം ഫീസ് ഈടാക്കി ഫാം ലൈസൻസ് അനുവദിക്കുകയോ അല്ലാത്തപക്ഷം നിയമപ്രകാരമല്ലാതെ പ്രവർത്തിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ടാൽ ഫാം അടച്ചുപൂട്ടുന്നതിന് നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 2-8-2 കള്ളു ഷാപ്പുകൾ ലൈസൻസില്ലാതെ പ്രവർത്തിയ്ക്കുന്നത്

പഞ്ചായത്ത് പരിധിയിൽപ്പെട്ട കള്ളു ഷാപ്പ് (നം.T.S.62) ഉഴവൂർ, കള്ളു ഷാപ്പ് നം.T.S.63, പയസ്മൗണ്ട് എന്നിവ തൻവർഷം ലൈസൻസ് എടുത്തിട്ടില്ല.ടി സ്ഥാപനങ്ങൾ നികുതി/ലൈസൻസ് പരിധിയിൽ ഉൾപ്പെടാത്തതിനാൽ ലൈസൻസ് ഫീസിനത്തിലും ടി സ്ഥാപനങ്ങളുടെയും അവിടെ തൊഴിൽ ചെയ്യുന്ന ജീവനക്കാരുടെയും തൊഴിൽ നികുതിയിനത്തിലും പഞ്ചായത്തിന് വരുമാന ചോർച്ച സംഭവിക്കുന്നു. ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതിനാൽ മേൽചട്ടങ്ങളുടെ ലംഘനവും സംഭവിക്കുന്നു.

വിറ്റുവരവിന് ആനുപാതികമായി ലൈസൻസ് ഫീസ്, വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി എന്നിവ ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-9 പ്ലാസ്റ്റിക് ക്യാരി ബാഗ് ഉപയോഗം- 2016 ലെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് നടപ്പാക്കിയിട്ടില്ല

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് (മാനേജ്മെന്റ് ആന്റ് ഹാന്റിലിംഗ്) റൂൾസ് 2016 പബ്ലിഷ് ചെയ്തു ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ഇത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണ് എന്ന് പ്രസ്താവിക്കുന്നു. മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരീബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തി. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരീബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം

പ്ലാസ്റ്റിക് ക്യരീബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ വഴിവാണിഭക്കാർ തുടങ്ങിയവർ രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,800 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ പ്ലാസ്റ്റിക് മാലിന്യ മാനേജ്മെന്റ് ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുണ്ട്.

മേൽ വിഷയങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്രനിയമം നടപ്പിലാക്കാൻ സത്വര നടപടികൾ സ്വീകരിച്ച് ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 2-10 പശ്ചിമ ഘട്ട വികസന പദ്ധതി -അക്കൗണ്ടിൽ അവശേഷിക്കുന്ന തുക തിരികെ അടക്കുവാൻ അവശേഷിക്കുന്നു.

പശ്ചിമ ഘട്ട വികസന പദ്ധതിക്കായി ഉഴവൂർ SBT ശാഖയിൽ സെക്രട്ടറി , പ്രസിഡന്റ് എന്നിവരുടെ പേരിൽ അക്കൗണ്ട് (Acc. No. 67029983886) നിലവിലുണ്ട്. ഈ അക്കൗണ്ടിൽ നിലവിൽ (24.11.16) 139225/- രൂപ അവശേഷിക്കുന്നുണ്ട്.പദ്ധതിയുടെ കാലാവധി 2016 -ൽ അവസാനിച്ചതിനാൽ അവശേഷിക്കുന്ന തുകയിലുള്ള പദ്ധതി വിഹിതം , ഗവ. വിഹിതം എന്നിവ കണക്കാക്കി ബന്ധപ്പെട്ട അക്കൗണ്ടുകളിലേയ്ക്ക് തിരികെ അടക്കേണ്ടതാണ്

## 2-11 പരസ്യ നികുതി പിരിക്കുന്നില്ല.

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 209-ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ എതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ അല്ലെങ്കിൽ അതിന്റെ മുകളിലോ ഏതെങ്കിലും പരസ്യം കുത്തനെ നിർത്തുകയോ,പ്രദർശിപ്പിക്കുകയോ ഉറപ്പിച്ചു വയ്ക്കുകയോ വച്ചുകൊണ്ടിരിക്കുകയോ ചെയ്യുകയോ, അങ്ങനെയുള്ള പ്രദേശത്തെ ഏതെങ്കിലും സർക്കാർവക സ്ഥലത്തോ,പൊതുജനങ്ങൾക്കു കാണത്തക്കവണ്ണം,ഏതെങ്കിലും പരസ്യം ഏതെങ്കിലും വിധത്തിൽ പ്രദർശിപ്പിക്കുകയോ, ചെയ്യുന്ന ഏതൊരാളും അങ്ങനെ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിലും വിധത്തിലും കണക്കാക്കപ്പെടുന്ന നികുതി അപ്രകാരം നിശ്ചയിക്കാവുന്ന ഒഴിവാക്കലുകൾക്ക് വിധേയമായി കൊടുക്കേണ്ടതാണ് എന്ന് വ്യക്തമാക്കുന്നു. നിരവധി പരസ്യബോർഡുകൾ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ളതിനാൽ ബൈലോ തയ്യാറാക്കി പ്രസിദ്ധീകരിച്ച് പഞ്ചായത്തു ഡയറക്ടറുടെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-12 ഡി & ഒ ലൈസൻസ് - മുഴുവൻ വ്യാപാര സ്ഥാപങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നില്ല

വളരെയധികം വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന ഉഴവൂർ ഗ്രാമ പഞ്ചായത്തിൽ കേവലം 140 സ്ഥാപനങ്ങൾ മാത്രമാണ് ഡി & ഒ ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്നത്. മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടും ഫീൽഡ് തല പരിശോധന നടത്തി മുഴുവൻ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചി ട്ടില്ലായെന്നു കാണുന്നു. 1994 ലെ കേരളാ പഞ്ചായത്തിരാജ് നിയമം സെക്ഷൻ - 232 , ഡി & ഒ ലൈസൻസ് ചട്ടങ്ങൾ 1996 ചട്ടം - 4 എന്നിവ പ്രകാരം വ്യാപാര സ്ഥാപങ്ങൾ രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുവാൻ പാടില്ലായെന്ന് വ്യക്തമാക്കുന്നു. സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാത്തതിനാൽ ലൈസൻസ് ഫീസ്,തൊഴിൽ നികുതി ,സ്ഥാപന തൊഴിൽ നികുതി എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുന്നു. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി മുഴുവൻ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി ലൈസൻസ് എടുപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് എടുക്കുവാൻ വിസമ്മതിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ കേരളാ പഞ്ചായത്തിരാജ് നിയമം സെക്ഷൻ - 255, ഡി & ഒ ലൈസൻസ് ചട്ടങ്ങൾ ചട്ടം - 26 എന്നിവ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഗ്രാമകേന്ദ്രങ്ങളിലേക്ക് വാങ്ങിയ ബോർഡുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ -140/15

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

2015-16 വർഷം മേൽ പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ 13വാർഡുകളിലേയും ഗ്രാമകേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനായി ബോർഡുകൾ നിർമ്മിക്കുന്നതിന് തനതുഫണ്ടിൽനിന്നും രൂപ 32500/-വകയിരുത്തിയിരുന്നു.ക്വട്ടേഷൻ നടപടികളുടെ അടിസ്ഥാനത്തിൽ ശ്രീ.സുരേഷ് കുമാർ,കപ്പടത്താഴത്ത് എന്നയാളുടെ ടെൻഡർ അംഗീകരിച്ച് (പഞ്ചായത്ത് കമ്മിറ്റിയുടെ 31-9-15-ലെ തീരുമാനം ) ടിയാന് വർക്ക് ഓർഡർ നൽകുകയും ചെയ്തു . 13ബോർഡുകൾ നിർമ്മിച്ച ഇനത്തിൽ 32000/-രൂപ വൗച്ചർ നമ്പർ 21500586/3-11-15 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ( ചെക്ക് നമ്പർ 3230846/3-13-15) . എന്നാൽ ഗ്രാമകേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നതിനായി നിർമ്മിച്ച ബോർഡുകൾ ഇപ്പോഴും പഞ്ചായത്ത് ഓഫീസിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഒരുവർഷം പിന്നിട്ടിട്ടും ഗ്രാമകേന്ദ്രങ്ങളിൽ ബോർഡുകൾ സ്ഥാപിക്കാത്തത് സംബന്ധിച്ചും നിലവിൽ ഗ്രാമപഞ്ചായത്തിന്റെ ഏതെല്ലാം വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും ഓരോ വാർഡുകളിലും ഗ്രാമകേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരങ്ങളും ലഭ്യമാക്കണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതിന് (എൻക്വയറി നം.3/222-11-16) ലഭ്യമാക്കിയ മറുപടിയിൽ ബോർഡുകൾ സ്ഥാപിക്കുന്നതാണെന്ന് മറുപടി നൽകി.

ഗ്രാമകേന്ദ്രങ്ങൾക്കായി നിർമ്മിച്ച11ബോർഡുകൾ സ്ഥാപിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ആയതിനായി ചെലവഴിച്ച 27077/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ബോർഡുകൾ ഗ്രാമകേന്ദ്രങ്ങളിൽ സ്ഥാപിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 3-2 ആച്ചിക്കൽ സാംസ്കാരിക നിലയം-കസേര വാങ്ങൽ– കുറഞ്ഞ നിരക്കു ക്വാട്ട് ചെയ്ത സ്ഥാപനത്തെ ഒഴിവാക്കി.

പ്രോജക്ട് നം. S 0181/16

| അടങ്കൽ | ചെലവ് |
|---|---|
| വികസനഫണ്ട് (എസ്.സി.പി)-30500- | 30485- DD.No.674404/4-4-16 |

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ ഈ പ്രോജക്ട് പ്രകാരം ആച്ചിക്കൽ സാംസ്കാരിക നിലയത്തിലേയ്ക്ക് കസേരകൾ വാങ്ങുന്നതിനായി 3 ടെണ്ടറുകൾ ലഭിച്ചിരുന്നു.

| ക്രമ നം | ടെണ്ടർ സമർപ്പിച്ച സ്ഥാപനം | ഇനം | ക്വാട്ട് ചെയ്ത നിരക്ക് |
|---|---|---|---|
| 1 | കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്, തലയാഴം | നീൽകമൽ(4002)<br>നീൽകമൽ(4028)<br>(plastic chair armless) | 469-<br>495-(നികുതി ഉൾപ്പെടെ) |
| 2 | KADCO, റീജിയണൽ ഓഫീസ്, കൊല്ലം | നീൽകമൽ(4025)<br>നാഷണൽ<br>(armless) | 405-<br>232--(നികുതി ഉൾപ്പെടെയോഎന്ന് വ്യക്തമല്ല) |
| 3 | മൂവർ ഫർണിച്ചർ മാർട്ട്, ഉഴവൂർ | നാഷണൽ<br>(armless) | 440-(നികുതി ഉൾപ്പെടെയോഎന്ന് വ്യക്തമല്ല) |

20-8-15 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തിൽ ഏറ്റവും കുറവു നിരക്കു ക്വാട്ടു ചെയ്ത മൂവർ ഫർണിച്ചർ

മാർട്ട് എന്ന സ്ഥാപനത്തിൽ നിന്നും കസേര വാങ്ങുന്നതിനു തീരുമാനിച്ചിരുന്നു. തുടർന്ന് നിലവിൽ വന്ന പ്രൊക്യർമെന്റ് കമ്മിറ്റിയുടെ 30-1-16 ലെ തീരുമാനത്തിൽ നീൽകമൽ ബ്രാൻഡ് കസേര വാങ്ങുന്നതിനു തീരുമാനിച്ചു. എന്നാൽ 2-3-16 ലെ പർച്ചേസ് ഓർഡർ പ്രകാരം നീൽകമൽ (മോഡൽ നം. 4002) കസേര ഉയർന്ന നിരക്കിൽ ക്വാട്ട് ചെയ്തിരുന്ന കണ്ടത്തിച്ചിറയിൽ ട്രേഡ് ലിങ്ക്സ്, തലയാഴം എന്ന സ്ഥാപനത്തിൽ നിന്നും 469- നിരക്കിൽ വാങ്ങി. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത അർദ്ധസർക്കാർ സ്ഥാപനമായ KADCO യുമായി നെഗോസിയേഷൻ നടത്തുകയോ, സാമ്പിൾ ഹാജരാക്കാൻ ആവശ്യപ്പെടുകയോ ചെയ്തതായി കാണുന്നില്ല. ഇക്കാരണങ്ങളാൽ ആകെ ചെലവുതുക 30485- തടസ്സപ്പെടുത്തുന്നു.

## 3-3 ഗ്രാമകേന്ദ്രങ്ങൾക്ക് ഫർണീച്ചർ - ടെൻഡർ അംഗീകരിച്ചതിലെ അപാകത മൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം

പ്രേജക്ട് നം. -135/16

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി

ചെലവ് - 219700/-(തനതുഫണ്ട്)

വൗച്ചർ നമ്പർ -21501150/30/3/16

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഗ്രാമകേന്ദ്രങ്ങൾക്ക് അലമാര,മേശ,കയ്യുള്ളതും ഇല്ലാത്തതുമായ പ്ലാസ്റ്റിക് കസേരകൾ എന്നീ ഫർണീച്ചർ വാങ്ങുന്നതിലേക്കായി ടെൻഡർ ക്ഷണിച്ചതിൽ ചുവടെ ചേർക്കുന്ന നാല് സ്ഥാപനങ്ങൾ ടെൻഡർ സമർപ്പിച്ചിരുന്നു.

1)കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ

2)കണ്ടത്തിച്ചിറയിൽട്രേഡ് ലിങ്ക്സ്,വൈക്കം

3)മൂവർ ഫർണീച്ചർ, ഉഴവൂർ

4)നവഭാരത് ഏജൻസീസ്,.

മേൽപ്പറഞ്ഞതിൽ നവഭാരത് ഏജൻസീസ് എന്ന സ്ഥാപനത്തിന്റെ ടെൻഡറാണ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിക്കുകയും ( 23-2-16-ലെ തീരുമാനം)സ്ഥാപനത്തിന് സപ്ലൈഓർഡർ നൽകുകയും ചെയ്തു. ടെന്ററുകൾ പരിശോധിച്ചതിൽ 78"x36"x18"അളവിലുള്ള 22 guage-ന്റെ സ്റ്റീൽ അലമാരയ്ക്ക് ഏറ്റവും കുറഞ്ഞ നിരക്ക്(5500/-രൂപ)രേഖപ്പെടുത്തിയിരുന്നത് കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷനായിരുന്നു.എന്നാൽ ഇതേ സ്പെസിഫിക്കേഷനിലുള്ള അലമാരയ്ക്ക് ടെൻഡർ അംഗീകരിച്ച നവഭാരത് ഏജൻസീസ് എന്ന സ്ഥാപനം ക്വോട്ട് ചെയ്തനിരക്ക് 8389/-രൂപയായിരുന്നുവെങ്കിലും ടി സ്ഥാപനത്തിൽ നിന്നാണ് അലമാരയുൾപ്പെടെയുള്ള എല്ലാ ഫർണിച്ചർ ഐറ്റങ്ങളും വാങ്ങിയിട്ടുള്ളത്.

നീൽകമലിന്റെ കയ്യുള്ളതും ഇല്ലാത്തതുമായ കസേരകൾക്ക് നവഭാരത് ഏജൻസീസ് രേഖപ്പെടുത്തിയിരുന്നത് യഥാക്രമം 524/-,രൂപയും 469/-രൂപ യുമായിരുന്നു. എന്നാൽ പ്രസ്തുത ഐറ്റങ്ങൾക്ക് KADCO രേഖപ്പെടുത്തിയ നിരക്ക് 415/- രൂപയും 405/-രൂപയുമായിരുന്നു.

പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. 20-8-15-ലെ പ്രൊക്യുവർമെന്റ് കമ്മിറ്റി തീരുമാനമെടുത്തിരുന്നത് അലമാരകളും മേശകളും KADCO-യിൽനിന്നും കസേരകൾ മൂവർ ഫർണീച്ചറിൽ നിന്നും വാങ്ങുന്നതിനുമായിരുന്നു. എന്നാൽ ടെന്ററിൽ നികുതി വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും ടെൻഡറിന് ആധികാരികതയില്ലാത്തതിനാലും KADCO യുടെ ടെൻഡർ നിരസിക്കുന്നതിന് പുതിയ പ്രൊക്യുവർമെന്റ് കമ്മിറ്റി 30-1-16-ൽ തീരുമാനിച്ചു കാണുന്നു. എന്നാൽ സർക്കാർ ഉത്തരവുപ്രകാരം സ്റ്റോർപർച്ചേയ്സ് വകുപ്പിന്റെ രജിസ്ട്രേഷനുള്ള കേരളത്തിലെ ചെറുകിട വ്യവസായയൂണിറ്റുകളെ ഇ.എം.ഡി,സെക്യൂരിറ്റി ഡെപ്പോസിറ്റ്,ടെൻഡർഫോറവില എന്നിവ ഒടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുള്ളതാണ്.

   ആയത് തെളിയിക്കുന്നതിനുള്ള ആധികാരിക രേഖകളുടെ പകർപ്പുകൾ KADCO ടെൻഡറിനൊപ്പം സമർപ്പിച്ചിരുന്നതുമാണ്. മാത്രമല്ല ക്വോട്ട് ചെയ്തിരുന്ന നിരക്കിനൊപ്പം 14.5% നികുതി ഉൾപ്പെടുത്തിയാലും നവഭാരതിന്റെ നിരക്കിനേക്കാൾ കുറവാണ് KADCO ക്വോട്ട് ചെയ്തിരുന്ന നിരക്ക്. മേൽസാഹചര്യത്തിലും

KADCO_യുടെ ക്വട്ടേഷൻ നിരസിച്ചുകൊണ്ട് കൂടിയനിരക്ക് രേഖപ്പെടുത്തിയ നവഭാരത്എജൻസീസിന് സപ്ലൈ ഓർഡർ നല്കിയതിന്റെ കാരണം വ്യക്തമല്ല.

2. കൂടിയ ടെൻഡർ അംഗീകരിച്ചതുകാരണം പഞ്ചായത്തിന് ചുവടെ ചേർക്കുംപ്രകാരം നഷ്ടമുണ്ടായിട്ടുണ്ട്

| ഇനം | വാങ്ങിയ എണ്ണം | KADCO-യുടെ ടെൻററ്പ്രകാരമുള്ള ആകെത്തുക | അംഗീകരിച്ച ടെൻഡർ പ്രകാരം ആകെത്തുക | വ്യത്യാസം |
|---|---|---|---|---|
| അലമാര (78"x36"x18" 22 guage) | 13 | 71500/- | 109057 | 37557 |
| കയ്യുള്ള പ്ലാസ്റ്റിക് കസേര (നീൽകമൽ) | 65 | 26975 | 34060 | 7085 |
| കയ്യില്ലാത്ത കസേര (നീൽകമൽ) | 74 | 29970 | 34706 | 4736 |

ആകെ വ്യത്യാസം 49378/-

2) KADCO-യുടെ ടെൻഡറിൽ അപാകതയുണ്ടായിരുന്നെങ്കിൽ ടെൻഡർ തുറന്നുപരിശോധിച്ച സമയത്തുതന്നെ നിരസിക്കാതെ അലമാരയും മേശയും ടി സ്ഥാപനത്തിൽനിന്നുതന്നെ വാങ്ങുന്നതിന് ശുപാർശചെയ്തതിനുശേഷം ആറ് മാസങ്ങൾ കഴിഞ്ഞ് ടെൻഡറിൽ അപാകതയുണ്ടെന്ന് കണ്ടെത്തിയ സാഹചര്യം വ്യക്തമല്ല.

3) 30-1-16-ലെ പ്രൊക്യൂവർമെന്റ് കമ്മിറ്റി ഏത് സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിക്കണമെന്ന് ശുപാർശചെയ്തിട്ടുമില്ല.

4) ഗ്രാമകേന്ദ്രങ്ങളിലെ സ്ഥലപരിമിതിമൂലം പ്രോജക്ട് പ്രകാരം വാങ്ങിയവയിൽ 69 കസേരകൾ പഞ്ചായത്ത്ഹാളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നതായി ഫയലിൽ രേഖപ്പെടുത്തിക്കാണുന്നു. സ്ഥലസൗകര്യമനുസരിച്ച് ഓരോ ഗ്രാമകേന്ദ്രത്തിലേക്കും ആവശ്യമായ ഫർണീച്ചർ സംബന്ധിച്ച് അതാത് വാർഡുമെമ്പർമാരിൽനിന്നും റിക്വയർമെന്റ് വാങ്ങിയില്ല.

മേൽ അപാകതകളിൻമേൽ നിർവ്വഹണോദ്യോഗസ്ഥനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടതിന് (എൻക്വയറി നം.1)ലഭ്യമാക്കിയ മറുപടിയിലെ വിശദീകരണം ഇപ്രകാരമാണ്. സാമ്പിൾ ഹാജരാക്കണമെന്ന ടെൻഡർ നിബന്ധന പാലിച്ച് മൂവർ ഫർണിച്ചർ എന്ന സ്ഥാപനം കസേരയുടെ സാമ്പിൾ ഹാജരാക്കിയതിനാൽ കസേര ഈ സ്ഥാപനത്തിൽ നിന്ന് വാങ്ങുന്നതിനും അലമാരയുടെയും മേശയുടെയും സാമ്പിൾ ആരുംതന്നെ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ഏറ്റവും കുറഞ്ഞ നിരക്ക് ഹാജരാക്കിയ KADCO (കാഡ്കോ)യിൽ നിന്ന് വാങ്ങുന്നതിനും പ്രൊക്യൂവർമെന്റ് കമ്മിറ്റി ശുപാർശ ചെയ്യെങ്കിലും സാമ്പിളുകൾ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തി വാങ്ങണമെന്ന് 4.9.15 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തതായും തുടർന്ന് ഇലക്ഷനുമായി ബന്ധപ്പെട്ട പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഈ വിഷയത്തിൽ തീരുമാനമെടുക്കുന്നതിന് കമ്മിറ്റികൾക്ക് കഴിയാതെയും വന്നു. പിന്നീട് പുതിയ ഭരണസമിതി നിലവിൽ വന്നതിനുശേഷം പുനഃസംഘടിപ്പിക്കപ്പെട്ട പ്രൊക്യൂവർമെന്റ് കമ്മിറ്റി ടെൻഡറുകൾ വിശദമായി പരിശോധിച്ചതിൽ കാഡ്കോ സമർപ്പിച്ച ടെൻഡറിലെ ടെൻഡർ ഫോറത്തിലെയും അനുബന്ധരേഖകളിലെയും ഒപ്പുകൾ വ്യത്യാസമുള്ളതായി കണ്ടെത്തുകയും കാഡ്കോയെ ഒഴിവാക്കിയാൽ നീൽകമൽ കസേരയ്ക്ക് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയത് നവഭാരത് ഏജൻസീസ് എന്ന സ്ഥാപനമാണെന്ന് കണ്ടെത്തുകയും ചെയ്തു.
എന്നാൽ പ്രോജക്ട് ഫയൽ, അനുബന്ധരേഖകൾ എന്നിവയിലെയും ലഭ്യമാക്കിയ മറുപടിയിലെയും വിവരങ്ങളിൽ പൊരുത്തക്കേട് കാണുന്നതിനാൽ മേൽ വിശദീകരണം അംഗീകരിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 219700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതി-അപാകതകൾ

പ്രോജക്ട് നം.എസ്.0006/16

തെരുവുവിളക്കിന്റെയും സോഡിയം വേപ്പർലാമ്പിന്റെയും മെയിന്റനൻസ്

| | |
|---|---|
| അടങ്കൽ– | ചെലവ്- |
| കേന്ദ്രധനസഹായം-195411 | 40130-(DD.No.956938/17-3-16)<br>154870-(DD.No.674198/31-3-16) |
| ആകെ | 195000- |

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1-കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽസിനെ ഏൽപ്പിച്ചിരുന്ന ഈ പദ്ധതി അവർ ഏറ്റെടുക്കാത്തതിനെ തുടർന്ന് ടെണ്ടർ ക്ഷണിച്ച് ശ്രീ.സജീവ്.ഇ.ആർ,ഇല്ലിക്കൽ, പയസ്സൗണ്ട് എന്നയാളെ ഏൽപ്പിച്ചുവെങ്കിലും ആകെ എത്ര സിഎഫ്എല്ലുകളും, അനുബന്ധ സാമഗ്രികളും വാങ്ങിയെന്നു വ്യക്തമല്ല. (ഫയലിലെ കാഷ്ബില്ലുകളുടെ പകർപ്പുകൾ മങ്ങിയിരിയ്ക്കുന്നു)

2- വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല.

3- വഴിവിളക്കുകളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ മെമ്പർമാർ നൽകിയത് ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവയിൽനിന്നും ആകെ എത്ര സിഎഫ്എല്ലുകളും ട്യൂബുകളും അനുബന്ധഉപകരണങ്ങളും ആവശ്യമുണ്ടെന്ന് കണക്കാക്കിയിട്ടില്ല.

4- വാങ്ങിയ ബൾബുകൾ സ്ഥാപിച്ചതിന്റെ വിശദാംശങ്ങൾ ഇല്ല.

5- തെരുവുവിളക്ക് പരിപാലനം സംബന്ധിച്ച പഞ്ചായത്ത് ഡയറക്ടറുടെ 17-8-15 ലെ ഉത്തരവ് നം. ജി.2-44274/2015 ൽ നിർദ്ദേശിക്കും പ്രകാരമുള്ള തെരുവുവിളക്ക് മെയിന്റനൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ അന്വേഷണകുറിപ്പിന്( നം.11) മറുപടി ലഭ്യമാക്കിയില്ല. ഇക്കാരണങ്ങളാൽ ആകെ ചെലവുതുക 195000- തടസ്സപ്പെടുത്തുന്നു.

## 3-5 കുടുക്കപ്പാറ വനിതാ ഉത്പ്പാദന വിപണനകേന്ദ്രം -ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകിയത് ഗുരുതരകൃത്യവിലോപം

പ്രോജക്ട് നമ്പർ -so189/16

അടങ്കൽ -126616/-

-300000/-

ആകെ -426616/-

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് എൻജിനീയർ

1. 2-ാം വാർഡിൽ കുടുക്കപ്പാറ വനിതാ ഉത്പ്പാദന വിപണന കേന്ദ്രത്തിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 26-11-16- ൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശികപരിശോധനയിൽ മെഷർമെന്റ് എടുത്ത് അളവുപുസ്തക ത്തിൽ രേഖപ്പെടുത്തിയിട്ടുള്ള പല പ്രവൃത്തി ഇനങ്ങളും യഥാർത്ഥത്തിൽ നടപ്പാക്കിയിട്ടില്ലാത്തതാണ് എന്ന് ബോധ്യപ്പെട്ടു. എസ്റ്റിമേറ്റിലെ 12,13,19,20,21എന്നീ ക്രമ നമ്പരുകൾ പ്രകാരമുള്ള പ്രവൃത്തി ഇനങ്ങളാണ് ഇപ്രകാരം നടപ്പാക്കിയതായി അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്.മേൽപ്പറഞ്ഞ ഇനങ്ങൾക്ക് ഷെഡ്യൂൾ നിരക്കനുസരിച്ചുള്ള തുക കൺവീനർക്ക് അനുവദിച്ച നൽകിയിട്ടുമുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി ഇനം | അളവുപുസ്തക പ്രകാരം ചെയ്ത അളവ് | പേജ് നമ്പർ | നിരക്ക് | ആകെ മൂല്യം |
|---|---|---|---|---|
| ക്രമനം. -12<br>(providing and fixing PVC door | 5.3മീറ്റർ | 32 | 749.55/മീറ്റർ | 3972.62 |

| | | | | |
|---|---|---|---|---|
| frame of size 50x47mm.............the door frame to be fixed to the wall using 8x100 mm long anchor fasteners complete as per specification | | | | |
| ക്രമനം. -13<br><br>providing and fixing 37mm thick factory made PVC door shutter,styles and rails made of PVC hollow section of size100mmx37mmwith wall thickness 2mm............all as per manufacturers specification and direction of Engineer in-charge | 1. 10m2 | 34 | 3309.51/m2 | 3640.46 |
| ക്രമ നം. -19<br><br>providing and fixing white vitreouse china pedestal type water closet (European type W . C pan ..........................including cutting and making good the walls and floors wherever required | 1No | 41 | 4065.86 /each | 4065.86 |
| ക്രമനം. 20<br><br>Providing and fixing wash basin with C.I.brackets ,15mmC.P.brass pillar taps, 32mm C.Pbrass waste of standard pattern.............White vitreouse China Wash basin size 5550x400 mm with a pair of 15 mm C.P.brass pillar taps | 1 No | 43 | 2608.07 /1 no | 2608.07 |
| ക്രമനം. 21<br><br>providing and fixing C.P. Brass bib cock of approved quality conforming to IS: 8931 :15 mm nominal bore | 1 No | 43 | 563 /1 No | 563 |
| ക്രമനം. -22<br><br>providing and fixing PVC pipes including fixing the pipe With clamps...............................and testing of joints complete as per direction of Engineer -in-charge 110 mm dia 6kgf /cm2 | 7m | 44 | 442.91 /m | 3100.37 |
| ആകെ 17950.38 | | | | |

മേൽ അപാകത നിർവഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എൻജിനിയറുടെ ശ്രദ്ധയിൽപ്പെട്ടുത്തുകയും

26.11.16 ൽ നടന്ന എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിക്കുകയും ചെയ്യതിന്റെ അടിസ്ഥാനത്തിൽ ടി പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ട്. ചെയ്യാത്ത പ്രവൃത്തികൾ അളവുപുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ചത് ഗുരുതരമായ കൃത്യവിലോപമാണ്. പ്രവൃത്തികൾ മൂല്യനിർണയം നടത്തിയ അസിസ്റ്റന്റ് എൻജിനിയർക്കും ചെക്ക് മെഷർ ചെയ്യ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർക്കും പ്രസ്തുത അപാകതയിൽ തുല്യഉത്തരവാദിത്തമുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ കർശനമായും ഒഴിവാക്കേണ്ടതാണ്. ആയതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 <u>വനിതാ ഉത്പ്പാദനവിപണനകേന്ദ്രത്തിന്റെ വയറിംഗ് പ്രവൃത്തി -ചെയ്യ അളവിലധികരിച്ച് അളവ്പുസ്തകത്തിൽ അളവ് രേഖപ്പെടുത്തി തുക അനുവദിച്ചു.</u>

പ്രോജക്ട് നം . -so 96/16

കൺവീനർ - ശ്രീ.കെ.ജി.രാധാകൃഷ്ണൻ നായർ

അളവ്പുസ്തകം -118/15-16

റ്റി.എസ്.നം. -58/EE/EL/LSGD/2015-16/7-7-15

കരാർ നം. -3/15-16/29.1.16

ആകെചെലവ് -99967/-രൂപ

കരാറുകാരന് അനുവദിച്ചതുക - 92125/-(ഡി.ഡി.നം.-674576/16-4-16)

കുടുക്കപ്പാറ വനിതാ ഉത്പ്പാദനവിപണനകേന്ദ്രത്തിന്റെ വയറിംഗിനായി തനതുഫണ്ടിൽനിന്നും ഒരു ലക്ഷം രൂപ വകയിരുത്തി അംഗീകാരം ലഭിച്ച പ്രോജക്ടിന്റെ ഭാഗമായി ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ രണ്ട് ക്വട്ടേഷനുകളിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.കെ.ജി.രാധാകൃഷ്ണൻനായരുടെ ക്വട്ടേഷൻ അംഗീകരിച്ച് (പഞ്ചായത്ത് കമ്മിറ്റിയുടെ 10-8-15-ലെ I(iv)-ാം നം.തീരുമാനം )ടിയാനുമായി 29-1-16-ൽ കരാറിലേർപ്പെടുകയും ചെയ്യു.

ബന്ധപ്പെട്ട ഫയൽ പരിശോധിക്കുകയും 26-11-16-ൽ ഭൗതീക പരിശോധന നടത്തുകയും ചെയ്യതിൽ എസ്റ്റിമേറ്റിലെ പാർട്ട്-1ക്രമനമ്പർ 1(a), I(b) എന്നീ ഇനങ്ങൾ യഥാർത്ഥിൽ ചെയ്യതും അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതും തമ്മിൽ വ്യത്യാസമുള്ളതായി കണ്ടു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം/നിരക്ക് | അളവുപുസ്തക പ്രകാരം ചെയ്യ അളവ് | ഭൗതീകപരിശോധനയിൽ കണ്ട അളവ് | അനുവദിച്ച തുക | അനുവദിക്കാവുന്ന തുക | വ്യത്യാസം |
|---|---|---|---|---|---|
| പാർട്ട്-Iക്രമനം. -I(a)<br>single control light point with 6A, 3 plate ceiling rose<br>@841/ each | 9 No s | 7 No s | 7569/- | 5887/- | 1682/- |
| പാർട്ട്- I(b)<br>single control light point without ceiling rose<br>@ 823/each | 13 Nos | 5 Nos | 10699/- | 4115/- | 6584/- |
| പാർട്ട് -I ക്രമനം.-I(d)<br>Combined plug point with 6A five pin plug socket controlled by 6A switch in the same switch board as that of | 7N os | 5N os | 2947 | 2105 | 842 |

| | | | | | |
|---|---|---|---|---|---|
| light point @421/each | | | | | |
| ആകെ | | | 21215 | 12107 | 9108 |

ചെയ്ത പ്രവൃത്തിയിലധികരിച്ച് അളവ് രേഖപ്പെടുത്തിയത് വഴി മേൽപ്പറഞ്ഞ പ്രകാരം9108/- രൂപ കരാറുകാരന് അധികം അനുവദിക്കാനിടയായി.അധികം നൽകിയ തുക ബന്ധപ്പെട്ട കരാറുകാരനിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

## 3-7 റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ- ബിറ്റുമിന് മാർക്കറ്റ് റേറ്റിൽ അധികരിച്ച് ഷെഡ്യൂൾ നിരക്ക് അനുവദിച്ചത് മൂലം ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് അധികതുക നൽകി

2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ എല്ലാ മരാമത്ത് പ്രവർത്തികളും ഗുണഭോക്തൃ സമിതി മുഖേനയാണ് നിർവ്വഹിച്ചിട്ടുള്ളത്. തൻവർഷം 33 റോഡ് ടാറിംഗ്/അനുബന്ധ പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേന ഏറ്റെടുത്തിട്ടുണ്ട്. 2014-ലെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് അടിസ്ഥാനമാക്കിയും കോസ്റ്റ് ഇൻഡക്സ്സ് ഉൾപ്പെടെയുള്ള അനുവദനീയമായ വർദ്ധനവ് ചേർത്തുമാണ് വിവിധ ഇനങ്ങളുടെ എസ്റ്റിമേറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ടാറിംഗ് വേലകൾക്ക് ആവശ്യമായ ബിറ്റുമിന് മെട്രിക് ടൺ യൂണിറ്റിന് അനുവദിച്ചിട്ടുള്ള അടിസ്ഥാന നിരക്ക് ചുവടെ ചേർക്കുന്നു.

| | |
|---|---|
| വി.ജി.-30 ഗ്രേഡ് ബിറ്റുമിൻ | 41,000രൂപ |
| കൺവേയൻസ് | 106.49രൂപ |
| കോസ്റ്റ് ഇൻഡക്സ്സ് | 1.4095 |

ഗുണഭോക്തൃസമിതി ഹാജരാക്കിയ ബിൽ പ്രകാരം 1Kg ബിറ്റുമിന്റെ വില (ബാരൽ വില ഉൾപ്പടെ) ശരാശരി 32.46രൂപയാണ്. എന്നാൽ DSR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കിയതും ബിൽ തുക നൽകിയതും ബിറ്റുമിന് വില കി.ഗ്രാമിന് 41/- രൂപ(41000/tonne) നിരക്കിലാണ്. ഗുണഭോക്തൃസമിതി മാരഗ്ഗരേഖ പ്രകാരം പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിയ്ക്ക് നൽകേണ്ടത് .17.2.16ലെ co-ordination committe ബിറ്റുമിന്റെ വില മാർക്കറ്റ് റേറ്റിൽ പരിമിതപ്പെടുത്തി നൽകണമെന്ന് വ്യക്തമാക്കുന്നു. ഇതു പരിഗണിക്കാതെ ബിറ്റുമിന് അധികം തുക ചെലവഴിച്ചിട്ടുള്ളതിന്റെ ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| പദ്ധതി | ഉപയോഗിച്ച ടാർ | എസ്റ്റിമേറ്റ് പ്രകാരം നൽകിയത് | നൽകാവുന്നത് (ഇൻവോയ്സ് പ്രകാരം) | അധികം നൽകിയത് |
|---|---|---|---|---|
| എസ്.എൻ.ഡി.പി.- മന്ദിരം ചെട്ടിക്കൽ റോഡ് ടാറിംഗ | 1599.62 | 65584.42 | 51923.66 (ഇൻവോയ്സ്നമ്പർ 6300084505/25-2-2016) | 13660.65 |
| മുളയ്ക്കൽ മണിയാക്കുപാറ റോഡ് ടാറിംഗ് | 817.86 | 33532.26 | 26547.73 (ഇൻവോയ്സ്ന മ്പർ 6300063611/17-12-15) | 6984.52 |
| മാണിക്കുളങ്ങര റോഡ് ടാറിംഗ | 1088.47 | 44627 | 35331.73 (ഇൻവോയ്സ് നമ്പർ 630084505/ 25-2-2016) | 9295.54 |
| പയസ് മൗണ്ട്- പോളച്ചുവട് റോഡ് ടാറിംഗ് | 1087.02 | 44567.82 | 35284.66 (ഇൻവോയ്സ്നമ്പർ 6300075590/ | 9283.15 |

| | | | | |
|---|---|---|---|---|
| | | | 29-1-2016) | |
| ആനാലിൽ–ഉറുമ്പിൽ റോഡ് | 1096.46 | 44954.86 | 35591.09<br>(ഇൻവോയ്സ് നമ്പർ--6300074963/27-1-16) | 9363.76 |
| മുട്ടത്തിൽ -ആനലിപ്പാറ റോഡ് | 660.14 | 27065.74 | 21428.14<br>(ഇൻവോയ്സ്-6300070756/12-1-16) | 5637.59 |

കമ്പോളവിലയിൽ നിജപ്പെടുത്താതെ ടാറിന് അധികനിരക്ക് നൽകിയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടതിന് **(**എൻക്വയറി നം**.19 )** ലഭ്യമാക്കിയ മറുപടിയിൽ ബിൽതുക ഷെഡ്യൂൾനിരക്കിനേക്കാൾ കുറവാണെങ്കിലും സാധനസാമഗ്രികളുടെ വിലയും ലേബർചാർജ്ജും വളരെ ഉയർന്നതിനാൽആകെ ചെലവ് ബിൽതുകയേക്കാൾ **15** മുതൽ **20%**വരെ ഉയർന്നിട്ടുള്ളതിനാലും ടാറിന്റെ കുറഞ്ഞതുക നൽകുന്നത് സംബന്ധിച്ച് വ്യക്തമായ ഒരു ഉത്തരവ് ഇല്ലാത്തതിനാലും റ്റി**.**എസ്**.** ലഭിച്ച റേറ്റിന് കൺവീനർ കരാർവച്ചതിനാലുമാണ് ടാറിന്റെ വിലവ്യത്യാസം കൺവീനറുടെ ബില്ലിൽനിന്നും പിടിക്കാതിരുന്നത് എന്ന് വിശദീകരണം നൽകിയിട്ടുണ്ട്**.**

എന്നാൽ ടാറിന്റെ വില മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തണമെന്ന് DSR-ന്റെ ആമുഖ വിശദീകരണത്തിൽത്തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. മാത്രമല്ലഅതിരമ്പുഴ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതനുസരിച്ചാണെങ്കിലും കോ- ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം അതിരമ്പുഴ പഞ്ചായത്തിന് മാത്രം ബാധകമാക്കിക്കൊണ്ടുള്ളതല്ല എന്നാണ് വ്യക്തമാകുന്നത്. ആയതിനാൽ മറുപടി തൃപ്തികരമല്ല. 2015-16വർഷം ആകെ 57ടാറിംഗ് വർക്കുകളാണ് പഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ളത്.മേൽപ്പറഞ്ഞപ്രകാരം ടാറിന് ഷെഡ്യൂൾനിരക്കനുസരിച്ചുള്ള വില അനുവദിക്കുന്നതു വഴി പഞ്ചായത്തിന്റെ സാമ്പത്തികബാദ്ധ്യത വരുംവർഷങ്ങളിലും വർദ്ധിക്കാനിടയാകും എന്നകാര്യവും പരിഗണിക്കേണ്ടതുണ്ട്.

ആയതിനാൽ ഷെഡ്യൂൾനിരക്ക് അനുവദിച്ചതിലൂടെ ടാറിന്റെ വിലയിനത്തിൽ അധികതുക നൽകിയതിനാൽ പഞ്ചായത്തിന് അധികചെലവ് വന്നിട്ടുണ്ട് എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 പ്രോജക്ട് രൂപീകരണവുമായി ബന്ധപ്പെട്ട് മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള പന്ത്രണ്ടാം പദ്ധതിമാർഗ്ഗരേഖയനുസരിച്ച് ഫണ്ടിന്റെ അപര്യാപ്തതയാലോ സാങ്കേതിക കാരണങ്ങളാലോ ഒരു നിർമ്മാണപ്രവൃത്തി ഒന്നിലധികം വർഷം കൊണ്ട് മാത്രമേ പൂർത്തീകരിക്കാൻ കഴിയുകയുള്ളുവെങ്കിൽ അത് ബഹുവർഷപ്രോജക്ടായി തയ്യാറേക്കണ്ടതാണ്. കൂടാതെ ഒരു ബഹുവർഷപ്രോജക്ടിന് വിവിധ വർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ എസ്റ്റിമേറ്റിനുള്ള സാങ്കേതികാനുമതി ആദ്യവർഷം തന്നെ വാങ്ങേണ്ടതാണെന്നും വിവിധ വർഷങ്ങളിലേക്കായി വിഭജിക്കുവാൻ പാടില്ലായെന്നും നിഷ്കർഷിക്കുന്നു.എന്നാൽ ഇതിനു വിരുദ്ധമായി ഒരു വർഷം കൊണ്ട് പൂർത്തീകരിക്കാവുന്ന പ്രോജക്ട് തന്നെ പലതായി വിഭജിച്ച് പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റുകളുടെ അടിസ്ഥാനത്തിൽ നടപ്പാക്കിക്കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലക്ഷ്യം | രൂപീകരിച്ച പ്രോജക്ടുകൾ |
|---|---|
| ഉഴവൂർടൗണിൽ വെയിറ്റിംഗ് ഷെഡ്<br>കച്ചടക്കുന്നേൽ അങ്കനവാടി നിർമ്മാണം | 1) പ്രോജക്ട് നം.160/16-<br>ഉഴവൂർ ടൗൺ വെയിറ്റിംഗ് ഷെഡ് നിർമ്മാണം<br>2)പ്രോജക്ട് നം.194/16<br>ഉഴവൂർ ടൗൺ വെയിറ്റിംഗ് ഷെഡ് -അനുബന്ധപ്രവർത്തനങ്ങൾ<br>3)പ്രോജക്ട് നം- 195/16 |

| | |
|---|---|
| | ഉഴവൂർ ടൗൺ വെയിറ്റിംഗ് ഷെഡ് വൈദ്യുതീകരണം<br>1)so204/15( )<br>കപ്പടക്കുന്നേൽ അങ്കനവാടി കെട്ടിടനിർമ്മാണം<br>2)so-113/16<br>കപ്പടക്കുന്നേൽ അങ്കനവാടി റൂഫിംഗ് |
| കുടുക്കപ്പാറ അങ്കനവാടിക്കും വനിതാ ഉത്പ്പാദനവിപണനകേന്ദ്രത്തിനും വേണ്ടി കെട്ടിടം | 1)പ്രോജക്ട് നം.-so166/16(സ്പിൽ ഓവർ)<br>കുടുക്കപ്പാറ അങ്കനവാടി നിർമ്മാണം<br>2)പ്രോജക്ട് നം.so 189/16<br>കുടുക്കപ്പാറ-വനിതാ ഉത്പ്പാദന വിപണനകേന്ദ്രം<br>- നിർമ്മാണം പൂർത്തീകരണം<br>3)പ്രോജക്ട് നം.so96/16<br>കുടുക്കപ്പാറ വനിതാ ഉത്പ്പാദനകേന്ദ്രം വയറിംഗ് |

പദ്ധതി രൂപീകരണവേളയിൽ ഇതുമായി ബന്ധപ്പെട്ട മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പൊതു ടാപ്പുകളുടെ വെള്ളക്കരം

2015-16 വർഷം പ്രതിമാസം 7000- രൂപ നിരക്കിൽ 16 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ ഒടുക്കി വരുന്നുണ്ട്. ഒരു ടാപ്പിന് ഒരു വർഷം 5250 രൂപ നിരക്കിൽ ആകെ 84000- ഒരു വർഷം അടയ്ക്കുന്നു. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന 5-8-16ൽ നടത്തിയെങ്കിലും റിപ്പോർട്ട് ലഭ്യമായിട്ടില്ല. അടിയന്തിരമായി സംയുക്ത പരിശോധനാറിപ്പോർട്ട് ലഭ്യമാക്കി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. പന്ത്രണ്ടാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖ

ജി.ഒ(എം.എസ്) 362/13/തസ്വഭവ/16.11.13 പ്രകാരം പൊതുടാപ്പുകളുള്ള കുടിവെള്ളപദ്ധതികളേക്കാൾ സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണം എന്നും, ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തശേഷം ആ പ്രദേശത്തെ പൊതുടാപ്പുകൾ നിർത്തലാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

ആയതിനാൽ ഗാർഹിക കണക്ഷനു പ്രാധാന്യം നൽകി, പഞ്ചായത്തിന് ഉണ്ടാകുന്ന ദൈനംദിന ചെലവുകൾ കുറച്ചുകൊണ്ടുവരേണ്ടതും അതുവഴി പഞ്ചായത്തിന്റെ തനത് വരുമാനത്തിന്റെ ചോർച്ച ഒഴിവാക്കേണ്ടതുമാണ്.

## 3-10 വിനിയോഗസാക്ഷ്യപത്രമില്ല. തുക തടസ്സപ്പെടുത്തുന്നു.

ചുവടെ കൊടുത്തിരിക്കുന്ന ചെലവുകൾ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നം/പേര് | നിർവ്വഹണോദ്യോഗസ്ഥൻ | തുക കൈപ്പറ്റിയ സ്ഥാപനം/വ്യക്തി | ചെലവുതുക | ബിൽ/ഡിഡിനം/ തീയതി |
|---|---|---|---|---|---|
| 1 | NO.S003/16<br>സാമൂഹ്യ സുരക്ഷാമിഷൻ വിഹിതം | സെക്രട്ടറി | എക്സി.ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 100000- | 955237/ 29-7-15 |
| 2 | NO.S0175/16<br>ഉഴവൂർടൗണിൽ ഇലക്ട്രിക്കൽ ലൈൻ മാറ്റി സ്ഥാപിക്കൽ | " | കെ.എസ്.ഇ.ബി മരങ്ങാട്ടുപിള്ളി | 33811<br>40000- | 955149/ 14-7-15<br>955154/ 14-7-15 |
| 3 | NO.S0187/16<br>ഇഞ്ചേനാട്ട് വനിതാ വ്യവസായകേന്ദ്രം വൈദ്യുതീകരണം അധികതുക നൽകൽ | " | " | 7400- | 21500696/ 5-12-15 |
| 4 | NO.S0192/16<br>എ.ബി.സി. പ്രോജക്ട്-വിഹിതം നൽകൽ | " | ജില്ലാപഞ്ചായത്ത്, കോട്ടയം | 200000- | 21500493/ 5-10-15 |
| 5 | NO.S0211/16<br>ഐ.കെ.എം ന് വിഹിതം | " | ഐ.കെ.എം, തിരുവനന്തപുരം | 27292- | 21501176/ 31-3-16 |
| 6 | NO.S0212/16<br>ഐ.എ.വൈ (എസ്.സി.പി) | " | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 80000- | 21501177/ 31-3-16 |
| 7 | NO.S0213/16<br>ഐ.എ.വൈ (ടി.എസ്.പി) | " | " | 61000- | 21501183/ 31-3-16 |
| 8 | NO.S0023/16<br>ഐ.എ.വൈ (ജനറൽ) | വി.ഇ.ഒ | " | 360000- | 955809/ 26-10-16 |
| 9 | NO.S0136/16<br>ജവഹർകോളനി കുടിവെള്ളപദ്ധതി | അസി. സെക്രട്ടറി | കേരള വാട്ടർ അതോറിറ്റി | 230000- | 955569/ 28-9-15 |
| 10 | NO.S0044/16 | " | ഉഴവൂർ ബ്ലോക്ക് പഞ്ചായത്ത് | 200000- | 956012/ 30-11-15` |

| | | | | | |
|---|---|---|---|---|---|
| | ഐ.എ.വൈ അധികവിഹിതം (എസ്.സി.പി) | | | | |
| 11 | NO.S0011/16 എസ്.എസ്.എ | എച്ച്.എം. ഗവ.എൽ.പി.സ്കൂൾ | പ്രോജക്ട് ഓഫീസർ. എസ്.എസ്.എ, കോട്ടയം | 270000- | 21500735/ 23-12-15 |
| | | | ആകെ | **1609503** | |

## 3-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൻ കീഴിൽ 2015-16 വർഷം 1518 പേർക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ 100 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പപദ്ധതിയുമായി സഹകരിക്കുന്നുണ്ട്. 2015-16 വർഷം 127 പദ്ധതികൾ വിഭാവനം ചെയ്തതിൽ 111 പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. തൻവർഷത്തെ വരവു ചെലവു വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 0 |
| വരവ് | 5336257(പലിശ ഉൾപ്പെടെ) |
| ആകെ | 5336257 |
| ചെലവ് | 5334878 |
| നീക്കിയിരിപ്പ് | 1383 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

**4-2ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ**

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ഡിഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുളള തുക |
|---|---|---|---|---|---|
| KSEB | ഇഞ്ചേനാട്ട് വനിതാ വ്യവസായ കേന്ദ്രം വൈദ്യുതീകരണം- അധിക തുകയുടെ നൽകൽ | 21500696/05.12.15 | 7400 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | ---- |
| KSEB | ഉഴവൂർ ടൗണിൽ ഇലക്ട്രിക്ക് ലൈൻ മാറ്റി സ്ഥാപിക്കൽ | 955149/14.7.15<br>955154/14.7.15<br>ആകെ | 33811<br>40000<br>73811 | " | ----- |
| KWA | ജവഹർ കോളനി കുടിവെള്ള പദ്ധതി | 955569/28.09.15 | 2,30000 | - | ------ |

**4-3**മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്
ഇല്ല

**4-4**വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

**4-5**സ്ഥിരനിക്ഷേപങ്ങൾ
ഇല്ല

**4-6**ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 15000 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരു ഉദ്യോഗപ്പേരും | രസീത് നം തീയതി |
|---|---|---|---|---|
| 2012-13 | ഖ. 2.3.1 | 15000 | സെക്രട്ടറി ,ഉഴവൂർ സർവ്വീസ് സഹകരണ ബാങ്ക് | 11501100861,862/10.7.15 |

**4-7**സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.
പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 7- ഡി | 2002-03 | 5-6 (1) | അധികം തുക പിൻവലിച്ചി ക്രമക്കേട് നടത്തിയത് സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

**4-8**ഓഡിറ്റ്പ്രത്യവലോകനം
**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 31998250 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 38196101 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9108 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2082188 |

**(ബി).** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | | |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 9108 | ശ്രീ. ജോൺ കെ. തോമസ്, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 27070 | ശ്രീ.ജോൺ കെ. തോമസ് , സെക്രട്ടറി |
| 3-2 | 30485 | ശ്രീ. സണ്ണി മാത്യു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-3 | 219700 | ശ്രീ. ജോൺ കെ. തോമസ്, സെക്രട്ടറി |
| 3-4 | 195000 | ശ്രീ. ജോൺ കെ. തോമസ്, സെക്രട്ടറി |
| 3-10 | 1609503 | |

**(സി)** കേന്ദ്ര**-**സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീ. ജോൺ കെ. തോമസ് | സെക്രട്ടറി, കുരോപ്പട ഗ്രാമപഞ്ചായത്ത് | പൊങ്ങൻപാറ, കോത്തല പി.ഒ.,, കോട്ടയം ജില്ല |

**4-9**തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 97-98 | നം.എൽ.എഫ്.കെ.പി.4/576/ /14/12.1.15 |
| 98-99 | നം.എൽ.എഫ്.കെ.പി.4/576/ /14/12.1.15 |
| 99-00 01-02 | നം.എൽ.എഫ്.കെ.പി.4/576/അദാ /14/12.1.15 |
| 02-03 | നം.എൽ.എഫ്.കെ.പി. 4/744/2015 തീയതി 14.9.15 |
| 03-04 | നം.എൽ.എഫ്.കെ.പി 4/1819/2015 തീയതി 8.9.15 |
| 04-05 | നം.എൽ.എഫ്.കെ.പി.10/1557/07/24.2.11 |
| 05-06 | നം.എൽ.എഫ്.കെ.പി.4/842/11/2.4.12 |
| 06-07 | നംഎൽ.എഫ്.കെ.പി.4/1249/10/12.7.12 |
| 07-08 | നം.എൽ.എഫ്.കെ.പി.4/1251/10/3.8.12 |
| 08-09 | നം.എൽ.എഫ്.കെ.പി.4/33/13/11.1.13/30.4.13 |
| 09-10,10-11 | നം.എൽ.എഫ്.കെ.പി.4/1660/13/6.12.13/9.12.13 |
| 11-12 | നം.എൽ.എഫ്.കെ.പി.4/1231/14/29.1.15/18.2.15 |
| 2012-13 | നം.എൽ.എഫ്.കെ.പി.4/290/15 / 25.01.16 |
| 2014-15 | നം കെ എസ് എ കെ റ്റി എം പി4/699/2016 തീയതി 5.9.2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോട്ടയംജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെഎസ്എ.കെടിഎം.പി4/1840/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: .5.12.16

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം